**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3696** **02-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസം ബോട്ട് സർവീസ് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ടൂറിസം സാദ്ധ്യത പരിഗണിച്ച് ജലഗതാഗത വകുപ്പിന്റെ കീഴിൽ കുറഞ്ഞ ചാർജിൽ ടൂറിസം ബോട്ട് സർവീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം, പൊതു ഗതാഗത രംഗത്ത് നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളവയാണ് ജലഗതാഗത വകുപ്പിന്റെ ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ആലപ്പുഴ – പാതിരാമണൽ -കുമരകം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുള്ള 'വേഗ' ബോട്ട് സർവ്വീസ്. 120 പാസഞ്ചർ കപ്പാസിറ്റിയുള്ള കറ്റാമാറൈൻ ബോട്ടാണ് ടി സർവ്വീസിനായി ഉപയോഗിക്കുന്നത്. ടി ബോട്ടിൽ 40 എ/സി സീറ്റുകളും 80 നോൺ എ/സി സീറ്റുകളും ക്രമീകരിച്ചിട്ടുണ്ട്. രാവിലെ 11.00 മണിക്ക് ആലപ്പുഴയിൽ നിന്നും ആരംഭിച്ച് പുന്നമട, മുഹമ്മ, കായിപ്പുറം, പാതിരാമണൽ, തണ്ണീർമുക്കം ബണ്ട്, കുമരകം പക്ഷി സങ്കേതം എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് വൈകുന്നേരം 4.30 മണിക്ക് ആലപ്പുഴയിൽ എത്തിച്ചേരുന്ന തരത്തിലാണ് ടി ബോട്ടിന്റെ സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്. എ/സി ക്യാബിനിൽ 600/- രൂപയും നോൺ എ/സി ക്യാബിനിൽ 400/- രൂപയുമാണ് ടിക്കറ്റ് ചാർജ്ജായി ഏർപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ-യുടെ സഹായത്തോടുകൂടി ബോട്ടിൽ ഒരു ലഘു ഭക്ഷണശാലയും ക്രമീകരിച്ചിട്ടുണ്ട്. ടി സർവ്വീസ് വകുപ്പ് വിജയകരമായി നടത്തുന്നു. കിഴക്കിന്റെ വെനീസായ ആലപ്പുഴയുടെ കായൽ സൗന്ദര്യം ആസ്വദിക്കുന്നതിനായി നിലവിലെ ബോട്ട് സർവ്വീസ് കൂടാതെ 'സീ-കുട്ടനാട്' എന്ന പേരിൽ 01.10.2022 മുതൽ ടൂറിസ്റ്റ് സർവ്വീസും നടത്തി വരുന്നു. എല്ലാ വിധ ആധുനിക സൗകര്യങ്ങളോടും സുരക്ഷയോടും നിർമ്മിച്ചിട്ടുള്ള 'സീ-കുട്ടനാട്' ബോട്ടിന്റെ മുകളിലത്തെ നിലയിൽ 30 പേർക്കും താഴത്തെ |

| | | | |
|---|---|---|---|
| | | | നിലയിൽ 60 പേർക്കും യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ മാതാ ബോട്ട് ജെട്ടിയിൽ നിന്നും പുറപ്പെട്ട് മാർത്താണ്ഡം-രംഗനാഥ്-ചാവറ ഭവൻ-പുഞ്ചിരി വഴി ആലപ്പുഴയിൽ എത്തിച്ചേരുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ള ടി സർവ്വീസിൽ അപ്പർ ഡക്കിൽ യാത്ര ചെയ്യുന്നതിന് 300/- രൂപയും ലോവർ ഡക്കിൽ യാത്ര ചെയ്യുന്നതിന് 250/- രൂപയുമാണ് ടിക്കറ്റ് ചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത്. രാവിലെ 10.00 മണി മുതൽ 1.00 മണി വരെയും ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ 6.00 മണിവരെ എന്ന രീതിയിൽ 2 ട്രിപ്പുകളായാണ് ടി ബോട്ടിന്റെ സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്.<br><br>കൂടാതെ, ആധുനിക സൗകര്യങ്ങളോടു കൂടിയ 10 പാസഞ്ചർ കപ്പാസിറ്റിയുള്ളതുമായ വാട്ടർ ടാക്സികൾ ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും, കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലും സർവ്വീസ് നടത്തി വരുന്നു. പറശ്ശിനിക്കടവ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ടൂറിസം ഫ്രണ്ട് ലി സർവ്വീസ് നടത്തിവരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾ മറ്റ് ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിന്റെയും കുറഞ്ഞ ചെലവിൽ കൂടുതൽ ടൂറിസം സർവ്വീസുകൾ ആരംഭിക്കുന്നതിന്റെയും ഭാഗമായി തിരുവനന്തപുരം ജില്ലയിൽ വേളിയിൽ നിന്നും കഠിനംകുളം – പാർവ്വതി പുത്തനാർ – അഴൂർ വഴി പുളിമൂട്ടിൽകടവ് വരെ ടൂറിസ്റ്റ് ബോട്ട് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ 'സീ-കവായ്''- എന്ന പേരിൽ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള പഠനങ്ങൾ നടത്തി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. കൊല്ലം ജില്ലയിലെ അഷ്ടമുടി കായലിന്റെ ടൂറിസം സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വകുപ്പ്, 'സീ-അഷ്ടമുടി' എന്ന പേരിൽ പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവ്വീസ് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ ഉത്ഘാടനം 2023 മാർച്ച് 10-ന് നടത്തപ്പെടുന്നതാണ്. വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സോളാർ ബോട്ട് 'ആദിത്യ'യുടെ പ്രവർത്തനം വിജയമായതിനെ തുടർന്ന കൂടുതൽ സോളാർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 100 പാസഞ്ചർ കപ്പാസിറ്റിയും അപ്പർ ഡക്ക് സംവിധാനവും എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ള ഒരു സോളാർ ക്രൂയിസ് വെസ്സൽ ഉപയോഗിച്ച് വകുപ്പിന്റെ എറണാകുളം സ്റ്റേഷൻ കേന്ദ്രീകരിച്ച് പുതിയ ടൂറിസം സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| | | | |

| | | | |
|---|---|---|---|
| (ബി) | ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് നിശ്ചിത ദൂരത്തിൽ ടൂറിസ്റ്റുകൾക്കായി പ്രത്യേക പാക്കേജുകൾ നടപ്പിലാക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം, പൊതു ഗതാഗത രംഗത്ത് നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളവയാണ് ജലഗതാഗത വകുപ്പിന്റെ ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ആലപ്പുഴ – പാതിരാമണൽ -കുമരകം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുള്ള 'വേഗ' ബോട്ട് സർവ്വീസ്. 120 പാസഞ്ചർ കപ്പാസിറ്റിയുള്ള കറ്റാമാറൈൻ ബോട്ടാണ് ടി സർവ്വീസിനായി ഉപയോഗിക്കുന്നത്. ടി ബോട്ടിൽ 40 എ/സി സീറ്റുകളും 80 നോൺ എ/സി സീറ്റുകളും ക്രമീകരിച്ചിട്ടുണ്ട്. രാവിലെ 11.00 മണിക്ക് ആലപ്പുഴയിൽ നിന്നും ആരംഭിച്ച് പുന്നമട, മുഹമ്മ, കായിപ്പുറം, പാതിരാമണൽ, തണ്ണീർമുക്കം ബണ്ട്, കുമരകം പക്ഷി സങ്കേതം എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് വൈകുന്നേരം 4.30 മണിക്ക് ആലപ്പുഴയിൽ എത്തിച്ചേരുന്ന തരത്തിലാണ് ടി ബോട്ടിന്റെ സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്. എ/സി ക്യാബിനിൽ 600/- രൂപയും നോൺ എ/സി ക്യാബിനിൽ 400/- രൂപയുമാണ് ടിക്കറ്റ് ചാർജ്ജായി ഏർപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ-യുടെ സഹായത്തോടുകൂടി ബോട്ടിൽ ഒരു ലഘു ഭക്ഷണശാലയും ക്രമീകരിച്ചിട്ടുണ്ട്. ടി സർവ്വീസ് വകുപ്പ് വിജയകരമായി നടത്തുന്നു. കിഴക്കിന്റെ വെനീസായ ആലപ്പുഴയുടെ കായൽ സൗന്ദര്യം ആസ്വദിക്കുന്നതിനായി നിലവിലെ ബോട്ട് സർവ്വീസ് കൂടാതെ 'സീ-കുട്ടനാട്' എന്ന പേരിൽ 01.10.2022 മുതൽ ടൂറിസ്റ്റ് സർവ്വീസും നടത്തി വരുന്നു. എല്ലാ വിധ ആധുനിക സൗകര്യങ്ങളോടും സുരക്ഷയോടും നിർമ്മിച്ചിട്ടുള്ള 'സീ-കുട്ടനാട്' ബോട്ടിന്റെ മുകളിലത്തെ നിലയിൽ 30 പേർക്കും താഴത്തെ നിലയിൽ 60 പേർക്കും യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ മാതാ ബോട്ട് ജെട്ടിയിൽ നിന്നും പുറപ്പെട്ട് മാർത്താണ്ഡം-രംഗനാഥ്-ചാവറ ഭവൻ-പുഞ്ചിരി വഴി ആലപ്പുഴയിൽ എത്തിച്ചേരുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ള ടി സർവ്വീസിൽ അപ്പർ ഡക്കിൽ യാത്ര ചെയ്യുന്നതിന് 300/- രൂപയും ലോവർ ഡക്കിൽ യാത്ര ചെയ്യുന്നതിന് 250/- രൂപയുമാണ് ടിക്കറ്റ് ചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത്. രാവിലെ 10.00 മണി മുതൽ 1.00 മണി വരെയും ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ 6.00 മണിവരെ എന്ന രീതിയിൽ 2 ട്രിപ്പുകളായാണ് ടി ബോട്ടിന്റെ സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്.<br><br>കൂടാതെ, ആധുനിക സൗകര്യങ്ങളോടു കൂടിയ 10 പാസഞ്ചർ കപ്പാസിറ്റിയുള്ളതുമായ വാട്ടർ ടാക്സികൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും, കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലും സർവ്വീസ് നടത്തി വരുന്നു. പറശ്ശിനിക്കടവ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ടൂറിസം ഫ്രണ്ട് ലി സർവ്വീസ് നടത്തിവരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾ മറ്റ് ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിന്റെയും കുറഞ്ഞ ചെലവിൽ കൂടുതൽ ടൂറിസം സർവ്വീസുകൾ ആരംഭിക്കുന്നതിന്റെയും ഭാഗമായി തിരുവനന്തപുരം ജില്ലയിൽ വേളിയിൽ നിന്നും കഠിനംകുളം – പാർവ്വതി പുത്തനാർ – അഴൂർ വഴി പുളിമൂട്ടിൽകടവ് വരെ ടൂറിസ്റ്റ് ബോട്ട് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ 'സീ-കവായ്”- എന്ന പേരിൽ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള പഠനങ്ങൾ നടത്തി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. കൊല്ലം ജില്ലയിലെ അഷ്ടമുടി കായലിന്റെ ടൂറിസം സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വകുപ്പ്, 'സീ-അഷ്ടമുടി' എന്ന പേരിൽ പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവ്വീസ് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ ഉത്ഘാടനം 2023 മാർച്ച് 10-ന് നടത്തപ്പെടുന്നതാണ്. വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സോളാർ ബോട്ട് 'ആദിത്യ'യുടെ പ്രവർത്തനം വിജയമായതിനെ തുടർന്ന കൂടുതൽ സോളാർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 100 പാസഞ്ചർ കപ്പാസിറ്റിയും അപ്പർ ഡക്ക് സംവിധാനവും എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ള ഒരു സോളാർ ക്രൂയിസ് വെസ്സൽ ഉപയോഗിച്ച് വകുപ്പിന്റെ എറണാകുളം സ്റ്റേഷൻ കേന്ദ്രീകരിച്ച് പുതിയ ടൂറിസം സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ